(ബി) പദ്ധതിപ്രകാരം ഇതുവരെ എത്രപേർ അപേക്ഷ നൽകിയെന്നും എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്നുമുള്ളതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 30-10-2003 തീയതിയായുള്ള ജി.ഒ.(എം.എസ്.) നമ്പർ 4/2003/നോർക്ക സർക്കാർ ഉത്തരവ് പ്രകാരം നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' രൂപീകരിക്കുകയും, 27-5-2005 തീയതിയായുള്ള ജി.ഒ. (എംഎസ്.) നമ്പർ 2/2005/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാന്ത്വന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി അതിന്റെ റൂൾസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം 3524 പേർ അപേക്ഷിക്കുകയും 1065 പേർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

നോർക്കയുടെ പുനരധിവാസ - സഹായ പദ്ധതികൾ

53 (4400) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രവാസികാര്യ വകുപ്പിനുവേണ്ടി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസും അന്താരാഷ്ട്രകുടിയേറ്റ ഗവേഷണ കേന്ദ്രവും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) ഈ പഠനത്തിന്റെ ലക്ഷ്യം/പഠനത്തിന്റെ കണ്ടെത്തലുകൾ എന്നിവ എന്തായിരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇതനുസരിച്ച് എന്തെല്ലാം പുനരധിവാസ-സഹായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ നോർക്ക ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പ്രവാസികാര്യ വകുപ്പിനുവേണ്ടി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിസും രാജ്യാന്തര കുടിയേറ്റ ഗവേഷണ കേന്ദ്രവും, 2001-ൽ ഗൾഫ് മൈഗ്രേഷൻ സർവ്വേ, 2007-ൽ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി, 2008-ൽ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി എന്നിവ നടത്തിയിട്ടുണ്ട്.

(ബി) പ്രവാസികളെക്കുറിച്ചും പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ വന്നവരെക്കുറിച്ചും അവരുടെ കുടുംബ പശ്ചാത്തലം, കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, സംസ്ഥാന സമ്പദ്ഘടനയിലും സാമൂഹ്യഘടനയിലും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവർ ചെലുത്തിയ സ്വാധീനം എന്നിവയെക്കുറിച്ചുള്ള സമഗ്രവിവരങ്ങളും സ്ഥിതി വിവരക്കണക്കുകളും ശേഖരിക്കുകയായിരുന്നു ലക്ഷ്യം.

താഴെപ്പറയുന്നവയായിരുന്നു ഈ സർവ്വേകളിൽ ഏറ്റവും പുതുതായ 2008-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡിയുടെ കണ്ടെത്തലുകൾ.

1. വിദേശരാജ്യങ്ങളിലേക്ക് പോകുന്നവരുടേയും വിദേശ രാജ്യങ്ങളിൽനിന്ന് തിരിച്ചുവരുന്നവരുടേയും സംഖ്യ 2003-ാം ആണ്ടിനെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നു.

2. 2003-ാം ആണ്ടിനെ അപേക്ഷിച്ച് കേരളത്തിൽനിന്നും ഇന്ത്യയ്ക്കകത്തെ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

3. 2008-ലെ കണക്ക് പ്രകാരം ഓരോ നൂറ് വീടുകളിലും 44 പേർ ഇപ്പോൾ പ്രവാസജീവിതം നയിച്ചുവരുന്നവരോ പ്രവാസജീവിതം കഴിഞ്ഞ് തിരികെ വരുന്നവരോ ആണ്.

4. കേരളത്തിലെ ജില്ലകളിൽ മലപ്പുറം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത്.

5. വിദേശരാജ്യങ്ങളിൽ കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത് ഗൾഫ് മേഖലയിലാണ്.

6. കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ ഏറ്റവും കൂടുതൽ പേർ ഇസ്ലാം മതത്തിൽ നിന്നുള്ളവരാണ്.

7. വിദേശത്ത് പോകുവാനുള്ള ചെലവ് ഏറിയിട്ടുണ്ട്.

8. വിദേശത്ത് നിന്ന് പ്രവാസികൾ അയയ്ക്കുന്ന സംഖ്യ 2003-ൽ ഉള്ളതിനേക്കാൾ 135 ശതമാനം കൂടിയിട്ടുണ്ട്.

9. സംസ്ഥാനത്തെ ജനങ്ങളുടെ ശരാശരി വിദ്യാഭ്യാസത്തേക്കാൾ കൂടുതൽ വിദ്യാഭ്യാസം പ്രവാസികൾക്കുണ്ട്.

(സി) സാമ്പത്തിക മാന്ദ്യംമൂലം രണ്ടു വർഷത്തിൽ താഴെ മാത്രം പ്രവാസ ജീവിതം ഉള്ളവരും തിരിച്ചുവന്നവരുമായ പ്രവാസികൾക്കായി ഒരു പ്രത്യേക പദ്ധതി രൂപീകരിക്കാനുള്ള പ്രാരംഭ നടപടികൾ ആലോചിച്ചു വരുന്നു.

തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

54 (4401) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കും സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ട് തിരികെ വരുന്നവർക്കും ഗവൺമെന്റ് എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) വൻ സാമ്പത്തിക ബാധ്യതയുമായി വിദേശത്തുപോയശേഷം ജോലി നഷ്ടപ്പെട്ടു മടങ്ങിവരുന്ന ഇവരെക്കുറിച്ച് അറിയുന്നതിന് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly